# കേരള കാർഷിക സർവ്വകലാശാല

കാർഷിക കോളേജ്, പടന്നക്കാട് പി.ഒ., കാസർഗോഡ് ജില്ല

പിൻ: 671314, കേരളം


നമ്പർ: ജി2-5614/2023 തീയ്യതി: 22.02.2024

## പുനർ - ലേല പരസ്യം

പടന്നക്കാട് കാർഷിക കോളേജിന് കീഴിലുള്ള ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ്-2 (കരുവാച്ചേരി) ലെ മൃഗസംരക്ഷണ വിഭാഗത്തിൽ നിന്ന് പശുക്കളേയും കാളക്കിടാവിനേയും ലേല വ്യവസ്ഥകൾക്ക് വിധേയമായി വിൽക്കപ്പെടുന്നു. പശുക്കളുടേയും കാളക്കിടാവിന്റേയും നമ്പർ, ഇനം, ഗുണം മുതലായവ ചുവടെ കൊടുത്തിരിക്കുന്നു.

| ക്രമ നം | നമ്പർ | ഇനം | ഫാം യൂണിറ്റ് |
|---|---|---|---|
| 1. | 420044/880293 | സങ്കരയിനം ജഴ്സി പശു | കരുവാച്ചേരി |
| 2. | 420059/722620 | കുള്ളൻ | കരുവാച്ചേരി |
| 3. | - | കാളക്കിടാവ് | കരുവാച്ചേരി |

ദർഘാസ്/ലേല വിൽപ്പനയിൽ പങ്കെടുക്കുന്നവർ 2,000/- രൂപ നിരതദ്രവ്യം കെട്ടിവെയ്ക്കേണ്ടതാണ്. മുദ്രവെച്ച ദർഘാസുകൾ പടന്നക്കാട് കാർഷിക കോളേജിൽ സ്വീകരിക്കുന്ന **അവസാന തീയതി 04.03.2024 രാവിലെ 11.00 മണി** വരെ ആണ്. സമർപ്പിക്കുന്ന ദർഘാസിൽ പശുക്കളുടേയും കാളക്കിടാവിന്റേയും വില പ്രത്യേകം പ്രത്യേകം കാണിക്കേണ്ടതാണ്. പശുക്കളുടേയും കാളക്കിടാവിന്റേയും ലേലം പ്രത്യേകം പ്രത്യേകമായിരിക്കും.

"പടന്നക്കാട് കാർഷിക കോളേജിന്റെ കീഴിലുള്ള പശുക്കളുടേയും കാളക്കിടാവിന്റേയും പരസ്യമായി ലേലം ചെയ്ത് വിൽപ്പന നടത്തുന്നതിനുള്ള ദർഘാസ്" എന്ന് കവറിനു പുറത്ത് വ്യക്തമായി എഴുതിയിരിക്കണം.

ദർഘാസ് സ്വീകരിക്കുന്നതിന്റെ നിശ്ചിത സമയം കഴിഞ്ഞാൽ അന്നേ ദിവസം 11.30 മണിക്ക് പടന്നക്കാട് കാർഷിക കോളേജിൽ വെച്ച് പരസ്യലേലം നടത്തുന്നതാണ്. പരസ്യലേലത്തിൽ ദർഘാസ് നൽകിയവർക്കു മാത്രമേ പങ്കെടുക്കുവാൻ അവസരം ലഭിക്കുകയുള്ളു.

പരസ്യലേലത്തിൽ ഓരോ വിളിയിലും മിനിമം നൂറുരൂപയെങ്കിലും കൂട്ടി വിളിക്കേണ്ടതാണ്. പരസ്യലേലത്തിൽ ഏറ്റവും കൂടിയ നിരക്ക് കിട്ടിക്കഴിഞ്ഞാൽ മുൻപ് ലഭിച്ച ദർഘാസുകൾ തുറന്നു പരിശോധിക്കുന്നതും ഏറ്റവും കൂടിയ നിരക്കിലുള്ള ദർഘാസോ/ലേല നിരക്കോ സ്വീകരിക്കുന്നതുമാണ്. ദർഘാസ്/ലേല നിരക്കുകൾ തൃപ്തികരമല്ലെങ്കിൽ തിരസ്ക്കരിക്കുവാനുള്ള പൂർണ്ണ അധികാരം ഡീനിൽ നിക്ഷിപ്തമാണ്.

ദർഘാസ് ലേല നിരക്ക് സ്വീകരിക്കുകയോ തിരസ്ക്കരിക്കുകയോ ചെയ്തതിനു ശേഷം മാത്രമേ ദർഘാസ് സമർപ്പിച്ചവർ/ലേലത്തിൽ പങ്കെടുത്തവർ ലേല സ്ഥലം വിട്ടുപോകാൻ പാടുള്ളു. വിജയിയായ ദർഘാസുകാരൻ/ ലേലക്കാരൻ അപ്പോൾ തന്നെ മൊത്തം തുകയുടെ മൂന്നിലൊരു ഭാഗം ഓഫീസിൽ അടക്കേണ്ടതും, ബാക്കി തുക മൂന്നു ദിവസത്തിനകം അടച്ച് പശുക്കളേയും കാളക്കിടാവിനേയും സ്വന്തം ചെലവിൽ കൊണ്ടുപോകേണ്ടതുമാണ്.

ദർഘാസ്/ലേല വിൽപ്പന റദ്ദാക്കുവാനോ മാറ്റിവെയ്ക്കുവാനോ ഉള്ള അധികാരം ഡീനിൽ നിക്ഷിപ്തമാണ്. തൽ സംബന്ധിയായ ഡീനിന്റെ തീരുമാനം അന്തിമമായിരിക്കും.

ദർഘാസ്/ലേലം സംബന്ധിച്ച എല്ലാവിധ സർക്കാർ നിബന്ധനകളും ഇതിനും ബാധകമാണ്. മറ്റു വിശദ വിവരങ്ങൾക്ക് പ്രവൃത്തി സമയങ്ങളിൽ ഓഫീസിൽ അന്വേഷിക്കാവുന്നതാണ്. (0467-2280616, 2280358)

ലേലം ചെയ്ത് വിൽക്കാനുദ്ദേശിക്കുന്ന പശുക്കളേയും കാളക്കിടാവിനേയും ലേലത്തിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്നവർക്ക് ഫാം പ്രവൃത്തി ദിവസങ്ങളിൽ വന്ന് കാണാവുന്നതാണ്.

ലേല ദിവസം ഏതെങ്കിലും കാരണവശാൽ അവധിയാകുന്ന പക്ഷം തൊട്ടടുത്ത പ്രവൃത്തിദിവസം ഇതേ നിബന്ധനകൾക്ക് വിധേയമായി ദർഘാസ്/ ലേലം നടത്തുന്നതാണ്.

ഒപ്പ്/-
**ഡോ. ടി സജിതാ റാണി**
ഡീൻ

സ്വീകർത്താവ്:-

1. നോട്ടീസ് ബോർഡ് കോളേജ്/ ഫാം യൂണിറ്റ് – I & II.
2. നഗരസഭ കാര്യാലയം, കാഞ്ഞങ്ങാട് / നീലേശ്വരം.
3. വില്ലേജ് ഓഫീസ്, കാഞ്ഞങ്ങാട് / നീലേശ്വരം.
4. കെ.എ.യു വെബ്സൈറ്റ്.

പകർപ്പ്:-

1. ഡോ. ഗിഗിൻ ടി, അസിസ്റ്റന്റ് പ്രൊഫസർ, അനിമൽ ഹസ്ബന്ററി വിഭാഗം.
2. ശ്രീ. അനൂജ് എസ്.എസ്, അസിസ്റ്റന്റ് പ്രൊഫസർ, ഓഫീസർ ഇൻ ചാർജ്ജ് ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ്- II.
3. ശ്രീ. രതീഷ് പി.കെ, ഫാം സൂപ്രണ്ട്, ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ്- II.
4. എ2 സെക്ഷൻ.

**//അംഗീകാരത്തോടുകൂടി അയക്കുന്നത്//**

**സെക്ഷൻ ഓഫീസർ**